# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4482    21.03.2018 - ൽ മറുപടിയ്ക്ക്**

## കേരള നെറ്റ് വർക്ക് ഫോർ ഓർഗൺ ഷെയറിംഗ്

| **ചോദ്യം**<br>**ശ്രീ.എം. നൗഷാദ്** | | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
|---|---|---|
| (എ) കേരള നെറ്റ് വർക്ക് ഫോർ ഓർഗൺ ഷെയറിംഗ് മുമ്പാകെയുള്ള അപേക്ഷകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സർക്കാരിന്റെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ്ങിൽ വിവിധ അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>വൃക്ക – 1688, കരൾ - 353, ഹൃദയം - 31, ശ്വാസകോശം - 01, പാൻക്രിയാസ് - 05, കൈകൾ - 08. |
| (ബി) അവയവദാന ഓതറൈസേഷൻ കമ്മിറ്റി കൃത്യമായി കൂടാറില്ലെന്നും അതിനാൽ അവയവമാറ്റ ശസ്ത്രക്രിയകൾ മുടങ്ങുന്നു എന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അവയവദാനം പ്രോത്സാഹിപ്പിക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ? | (സി) | മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) എന്ന സ്ഥാപനത്തിന്റെ കീഴിൽ മൃതസഞ്ജീവനി പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. KNOS ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കാറുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും |

വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണവും നടത്തിവരുന്നു. പ്രശസ്ത സിനിമാ താരം പത്മശ്രീ. മോഹൻലാൽ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്-വിൽ അംബാസിഡർ ആയി നിയമിക്കപ്പെട്ടിട്ടുണ്ട്.

ജീവിച്ചിരിക്കുന്നവരുടെ അവയവദാനം (Live Donation), സ്വാപ്പ് ഡൊണേഷൻ, ലാഭേച്ഛ കൂടാതെ പരോപകാര്യ താല്പര്യത്തോടെയുള്ള അവയവദാനം (Altruistic Donation)എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 15.02.2018 ലെ സ.ഉ.(കൈ) നം.26/2018/ ആകുവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ